# ദൈവം സംസാരിച്ച സമയം



കോളജ് അധ്യാപകൻ എന്ന സ്വപ്നവുമായി പോകുന്നതിനിടയിൽ അപ്രതീക്ഷിതമായി സംഭവിച്ച അപ്പച്ചന്റെ മരണം എന്റെ ദൈവവിശ്വാസം നഷ്ടപ്പെടുത്തി. എന്നാൽ, ആ വേദനയുടെ കാലത്താണ് ദൈവവിളി ഞാൻ തിരിച്ചറിഞ്ഞത്. അതിനു കാരണമായി മാറിയത് ആയുസ് മാസങ്ങൾ മാത്രമെന്ന് വൈദ്യശാസ്ത്രം വിധിയെഴുതിയ സിസ്റ്റർ ജെറോമായിരുന്നു.



● ഫാ. ജോസ് ആലുങ്കൽ എസ്ഡിബി

**ചെ**റുപ്പം മുതൽ ഞാൻ മുടങ്ങാതെ ദൈവാലയത്തിൽ പോയിരുന്നു. പരിശുദ്ധ കുർബാനയോടുള്ള അഭിനിവേശമൊന്നുമായിരുന്നില്ല അതിന് കാരണം. എന്നും ദൈവാലയത്തിൽ പോകണമെന്നത് അമ്മച്ചിക്ക് നിർബന്ധമായിരുന്നു. പിന്നീട് അൾത്താരബാലനായപ്പോൾ വൈദികനാകണമെന്ന ആഗ്രഹം മനസിൽ തോന്നിയിട്ടുണ്ട്. എന്നാൽ, പത്താം ക്ലാസ് എത്തിയപ്പോഴേക്കും ആ ആകർഷണം വല്ലപ്പോഴും മാത്രം മനസിലേക്ക് വരുന്ന ഒരു ചിന്ത മാത്രമായി ചുരുങ്ങി. എസ്എസ്എൽസി പരീക്ഷ കഴിഞ്ഞുള്ള അവധി ദിനങ്ങളിൽ കമ്പ്യൂട്ടർ പഠിക്കാൻ പോയിരുന്നു. അവിടെ വച്ചാണ് ഹോളി ക്രോസ് സഭാംഗമായ സിസ്റ്റർ ജെറോമിനെ കാണുന്നത്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള നഴ്സിങ്ങ് സ്കൂളിൽനിന്ന് വിരമിച്ച്, വിശ്രമ ജീവിതത്തിലേക്ക് കടന്ന സിസ്റ്റർ പെരുമ്പടപ്പിലെ ഹോളി ക്രോസ് ഹോസ്പീസ് എന്ന പാലിയേറ്റിവ് കെയർ സെന്ററിൽ കൗൺസിലർ ആയി സേവനം അനുഷ്ഠിക്കുകയായിരുന്നു.

## കാൻസർ ശ്വാസകോശത്തിൽ

എന്നെയും കുടുംബത്തെയും അറിയാനും, കേൾക്കാനുമൊക്കെ സിസ്റ്റർ പ്രത്യേകം താത്പര്യം കാണിച്ചു. അത്യാവശ്യം നല്ല മാർക്കോട് കൂടി എസ്എസ്എൽസി പാസായ എന്നോട് വൈദികനാവാൻ താത്പര്യമുണ്ടോ എന്ന് സിസ്റ്റർ ചോദിച്ചു. സയൻസ് ഗ്രൂപ്പെടുത്ത് പഠനവുമായി മുന്നോട്ട് പോകാനാണ് ആഗ്രഹമെന്ന് ഞാൻ പറഞ്ഞു. സ്ഥിരമായി ദൈവാലയത്തിൽ പോയിരുന്നതുകൊണ്ട് വീട്ടുകാരും അങ്ങനെ കരുതിയിരുന്നു. പക്ഷെ അങ്ങനെയൊരു പ്രതീക്ഷ പോലും നൽകാതെ ഞാനെന്റെ പ്ലസ്ടു പഠനം തുടങ്ങി. ഇതിനകം ഞങ്ങളുടെ കുടുംബ സുഹൃത്തായി മാറിയ സിസ്റ്റർ ജെറോം പ്ലസ്ടു പരീക്ഷ കഴിഞ്ഞു നിൽക്കുമ്പോൾ വൈദികനാകാൻ താത്പര്യം ഉണ്ടോ എന്ന് ഒരിക്കൽക്കൂടി അന്വേഷിച്ചിരുന്നു. ബിഎസ്സി ഫിസിക്സ് പഠിച്ച് കോളജ് അധ്യാപകനാകാനാണ് ആഗ്രഹമെന്ന് സിസ്റ്ററിനോട് ഞാൻ പറഞ്ഞു. ആത്മീയ മാതാവിനെപ്പോലെ എന്നെ നയിച്ചിരുന്ന സിസ്റ്റർ എന്റെ ആഗ്രഹത്തെ പ്രോത്സാഹിപ്പിച്ചു.

ആഗ്രഹിച്ചതുപോലെ കൊച്ചി, തേവര സേക്രഡ് ഹാർട്ട് കോളജിൽ ബിഎസ്സി ഫിസിക്സിന് പ്രവേശനം ലഭിച്ചു. ഇതേ കോളജിൽ തന്നെ ഫിസിക്സ് പ്രഫസർ ആകണമെന്ന എന്റെ സ്വപ്നത്തിന്റെ ആദ്യപടി അങ്ങനെ വിജയകരമായി പൂർത്തിയാക്കി. അപ്പച്ചനും അമ്മച്ചിയും രണ്ട് ചേച്ചിമാരും അടങ്ങുന്നതായിരുന്നു എന്റെ കുടുംബം. ചേച്ചിമാരുടെ വിവാഹം നേരത്തെ തന്നെ കഴിഞ്ഞിരുന്നു. പട്ടാളത്തിലെയും പോർട്ട് ട്രസ്റ്റിലെയും സേവനങ്ങൾക്കുശേഷം അപ്പച്ചൻ വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുമ്പോഴാണ് എന്റെ ബിരുദ പഠനം തുടങ്ങുന്നത്. കലാലയ ജീവിതം മുന്നോട്ടു പോകുമ്പോഴാണ് അവിചാരിതമായി അപ്പച്ചന് ശബ്ദം നഷ്ടമായത്. എറണാകുളത്തെ പ്രമുഖ ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ അപ്പച്ചന് ശ്വാസകോശത്തിൽ കാൻസറാണെന്ന് തിരിച്ചറിഞ്ഞു. രോഗത്തിന്റെ ആരംഭമായിരുന്നതിനാൽ ചികിത്സിച്ച് ഭേദമാക്കാമെന്ന മെഡിക്കൽ റിപ്പോർട്ട് ഞങ്ങൾക്ക് വലിയ സമാധാനം നൽകി.

## ആദ്യത്തെ തോല്‌വി

കീമോതെറാപ്പി ട്രീറ്റ്മെന്റിന്റെ ആദ്യ റൗണ്ട് കഴിഞ്ഞപ്പോൾ തന്നെ അപ്പച്ചന്റെ ശബ്ദം തിരികെ കിട്ടി. ഇത് ഒരുപാട് പ്രതീക്ഷ നൽകി. ഞങ്ങളുടെ സന്തോഷത്തിന് അതിരുകളില്ലായിരുന്നു. അങ്ങനെ ആദ്യ വർഷ ബിരുദപരീക്ഷ വന്നു. മെയിൻ പരീക്ഷ ബുദ്ധിമുട്ടായിരുന്നെങ്കിലും പാസാകാനുള്ള മാർക്ക് ലഭിക്കുമെന്ന് എനിക്കുറപ്പായിരുന്നു. രണ്ടാം വർഷ ബിരുദ പഠനത്തിനിടെയാണ് അപ്പച്ചൻ അവിചാരിതമായി തലകറങ്ങി വീഴുന്നതും കാൻസർ തലച്ചോറിലേക്ക് വ്യാപിച്ചിട്ടുണ്ടെന്ന് അറിയുന്നതും. പ്രതീക്ഷകൾ നൽകിക്കൊണ്ട് ചികിത്സ പുരോഗമിച്ചെങ്കിലും നന്നായി ക്ഷീണിക്കുന്ന അപ്പച്ചന്റെ ശരീര പ്രകൃതിയിൽ സംശയം തോന്നി ഞാനും അപ്പച്ചന്റെ കൂടെ ആശുപത്രിയിൽ പോയി. സാധാരണ അമ്മച്ചിയായിരുന്നു അപ്പച്ചന്റെ ഒപ്പം പോകാറുണ്ടായിരുന്നത്. ഡോക്ടറോട് ചികിത്സയുടെ പുരോഗതി ചോദിച്ചപ്പോൾ, രോഗം കണ്ടുപിടിച്ചത് അവസാനത്തെ സ്റ്റേജിലാണെന്നും ഇനി വീട്ടിൽ സമാധാനത്തോടെ മരിക്കാനുള്ള അന്തരീക്ഷം ഒരുക്കി കൊടുക്കണമെന്നുമായിരുന്നു ലഭിച്ച മറുപടി.

ആ വാക്കുകൾ ഉൾക്കൊള്ളാനോ, അപ്പച്ചൻ കടന്നുപോവുന്നു എന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കാനോ ഞങ്ങൾക്ക് ആകുമായിരുന്നില്ല. തുടർന്ന് അപ്പച്ചനെ വീടിനടുത്തുള്ള ഹോളിക്രോസ് ഹോസ്പീസ് പാലിയേറ്റിവ് കെയറിലേക്ക് മാറ്റി. രണ്ടാം വർഷ ബിരുദ പരീക്ഷ അടുത്തുവരുന്ന സമയമായിരുന്നു. ആ ദിവസങ്ങളിലാണ് ആദ്യ വർഷ പരീക്ഷയുടെ ഫലം വന്നത്. ബുദ്ധിമുട്ടായിരുന്നെങ്കിലും ജയിക്കുമെന്ന് ഉറപ്പുണ്ടായ എന്റെ ഫിസിക്സ് മെയിൻ പരീക്ഷയ്ക്ക് ഞാൻ തോറ്റു. ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു അത്രയും കയ്പേറിയ പരാജയം ഉണ്ടായത്.

അപ്പച്ചന്റെ മരണം വലിയ ശൂന്യത സൃഷ്ടിച്ചു. ദൈവസ്നേഹത്തിൽനിന്ന് അകന്ന് അന്ധകാരത്തിലേക്ക് ഞാൻ വഴുതിവീണു. അമ്മച്ചിയുടെ നിർബന്ധം സഹിക്കവയ്യാതെ പേരിന് മാത്രം ദൈവാലയത്തിൽ പോയി. ഒരു ദിവസം എനിക്കൊരു അനുഭവമുണ്ടായി. അത് സ്വപ്നമോ, ദർശനമോ, അതോ മനസിന്റെ തോന്നൽ മാത്രമായിരുന്നോ എന്നതിൽ ഇപ്പോഴും തീർച്ചയില്ല.

## വിശ്വാസം നഷ്ടപ്പെട്ട കാലം

അപ്പച്ചന്റെ ആരോഗ്യസ്ഥിതി നന്നേ വഷളായി. അപ്പച്ചന്റെ കൂടെയായിരിക്കാൻ ഞാൻ കോളജിൽ പോവുന്നത് തൽക്കാലത്തേക്ക് നിർത്തി. ആദ്യ വർഷത്തെ പരീക്ഷ ഇംപ്രൂവ് ചെയ്യാനും സെക്കന്റ് ഇയർ പ്രാക്ടിക്കൽ പരീക്ഷകൾക്കായി കോളജിൽ വരാനും അധ്യാപകർ കൂട്ടുകാരോടു പറഞ്ഞുവിട്ടു. എന്തു ചെയ്യണമെന്ന് അറിയാതെ ധർമ്മസങ്കടത്തിലായി, ഒരു വശത്ത് അപ്പച്ചൻ ഏതു നിമിഷവും കടന്നുപോയേക്കാം. മറുവശത്ത് എല്ലാ പ്രതീക്ഷകളും തകർത്ത് പരാജയം നൽകിയ ഹൃദയ വേദന.

എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ സിസ്റ്റർ ജെറോം അപ്പച്ചനെ കാണാൻ വന്നിരുന്നു. രോഗത്തിന്റെ തീവ്രതയെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലാതിരുന്ന അപ്പച്ചനെ പറഞ്ഞു മനസിലാക്കുകയും രോഗിലേപന കൂദാശ സ്വീകരിക്കാൻ സിസ്റ്റർ ഒരുക്കുകയും ചെയ്തു. എന്റെ മനസിന്റെ പ്രയാസങ്ങൾ ഒരു ദിവസം ഞാൻ സിസ്റ്ററിന്റെ മുമ്പിൽ തുറന്നുവച്ചു. വിഷമിക്കേണ്ട, കർത്താവ് എല്ലാ കാര്യങ്ങളും ക്രമീകരിക്കുമെന്നായിരുന്നു സിസ്റ്ററിന്റെ മറുപടി. കുറച്ച് ദിവസങ്ങളായി ദൈവത്തോട് തോന്നിയ ദേഷ്യമെല്ലാം ആ വാക്കുകൾ കേട്ടപ്പോൾ മറനീക്കി പുറത്തുവന്നു. 'എല്ലാവർക്കും നന്മ ചെയ്ത്, ദൈവാലയത്തിൽ സ്ഥിരമായി പോയിരുന്ന എന്റെ അപ്പച്ചൻ ഇതാ മരിക്കാൻ കിടക്കുന്നു. അൾത്താരബാലനായി എല്ലാ ദിവസവും കുർബാനയിൽ സംബന്ധിച്ച ഞാൻ പരീക്ഷയ്ക്ക് തോറ്റിരിക്കുന്നു. ഇങ്ങനെ തന്നെ സ്നേഹിക്കുന്നവർക്ക് ഒരുപാട് നൊമ്പരങ്ങൾ നൽകുന്ന ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നില്ല' എന്നു പറഞ്ഞ് ഒരു കുട്ടിയെപ്പോലെ ഞാൻ കരയാൻ തുടങ്ങി. ഇതുകേട്ടപ്പോൾ സിസ്റ്ററും കരഞ്ഞു.

## മരണം മുഖാമുഖം

കുറച്ച് കഴിഞ്ഞപ്പോൾ സിസ്റ്റർ ചോദിച്ചു: 'പകൽസമയങ്ങളിൽ ഞാൻ എവിടെയാണ് പോകുന്നതെന്ന് അറിയാമോ?' സിസ്റ്ററിനെ കണ്ടിരുന്നത് വൈകുന്നേരങ്ങളിലായിരുന്നു. 'ഇല്ല,' ഞാൻ മറുപടി പറഞ്ഞു. നിന്റെ അപ്പച്ചനെ ചികിത്സിക്കുന്ന ആശുപത്രിയിലാണ് ഞാൻ പോകുന്നത്. ആരോഗ്യ മേഖലയിൽ പ്രവർത്തിച്ചിരുന്ന ആളായതിനാൽ അവിടെ ക്ലാസെടുക്കാൻ പോകുകയായിരിക്കും എന്നാണ് ഞാൻ വിചാരിച്ചത്. 'നിന്റെ അപ്പച്ചനെ ചികിത്സിക്കുന്ന അതെ ഡോക്ടറാണ് എന്നെയും ചികിത്സിക്കുന്നത്. എനിക്ക് രക്താർബുദമാണ്. ഏതാനും മാസങ്ങളാണ് എനിക്ക് ഇനി അവശേഷിക്കുന്നതെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്. പക്ഷേ എനിക്ക് ദൈവത്തോട് പരാതിയില്ല.' സിസ്റ്ററിന്റെ വാക്കുകൾ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. സിസ്റ്ററിനോട് മറുപടി പറയാൻ വാക്കുകൾ ഇല്ലായിരുന്നു. കീമോ തെറാപ്പിക്കുശേഷവും വിശ്രമിക്കാതെ എന്റെ അപ്പനെ കാണാൻ സിസ്റ്റർ ഓടി എത്തുമായിരുന്നു. സ്വയം ഒരു മെഴുകുതിരി പോലെ ഉരുകുമ്പോഴും എനിക്കും കുടുംബത്തിനും സ്നേഹവും പ്രത്യാശയും പകരാനായിരുന്നു സിസ്റ്റർ ശ്രമിച്ചത്. കുറച്ചു ദിവസങ്ങൾക്കുശേഷം അപ്പച്ചൻ മരിച്ചു. നല്ലൊരു മരണത്തിനായി സിസ്റ്റർ ജെറോം അപ്പച്ചനെ ഒരുക്കിയിരുന്നു.

## ദർശനമോ അതോ സ്വപ്നമോ

അപ്പച്ചന്റെ മരണം വലിയ ശൂന്യത സൃഷ്ടിച്ചു. എല്ലാത്തിനും കാരണക്കാരനായി ഞാൻ ദൈവത്തെ കുറ്റപ്പെടുത്തിയ ദിനങ്ങൾ. ദൈവസ്നേഹത്തിൽനിന്നകന്ന് അന്ധകാരത്തിലേക്ക് ഞാൻ വഴുതിവീണു. അമ്മച്ചിയുടെ നിർബന്ധം സഹിക്കവയ്യാതെ പേരിനുമാത്രം ദൈവാലയത്തിൽ പോയി. ഒരു ദിവസം എനിക്കൊരു അനുഭവമുണ്ടായി. അത് സ്വപ്നമോ, ദർശനമോ, അതോ മനസിന്റെ തോന്നൽ മാത്രമായിരുന്നോ എന്നതിൽ ഇപ്പോഴും തീർച്ചയില്ല. ആ അനുഭവം ഇങ്ങനെയായിരുന്നു: ഉറക്കത്തിൽ ഞാൻ ആഴിയുടെ അടിത്തട്ടിലേക്ക് മുങ്ങിപ്പോവുന്നതുപോലെ. പെട്ടെന്ന് അടിത്തട്ടിൽനിന്ന് ഒരു മരക്കഷണം മുകളിലേക്ക് വന്ന് എന്നെ ജലത്തിന് മീതെ എത്തിച്ചു. കുരിശിന്റേതുപോലുള്ള ആകൃതിയായിരുന്നു ആ മരക്കഷണത്തിന്. ഉറക്കത്തിൽനിന്ന് എഴുന്നേറ്റപ്പോൾ മുതൽ ഈ ചിന്ത എന്റെ മനസിൽ ഉണ്ടായിരുന്നു. ജീവിതത്തിൽ ഒരു മാറ്റം വരുത്തണമെന്ന ആഗ്രഹം മനസിൽ ശക്തമായി. ദൈവവുമായിട്ടുള്ള എന്റെ ബന്ധത്തിലെ മുറിവുകൾ ഉണങ്ങി തുടങ്ങി. അനുരഞ്ജന കൂദാശയിൽ എന്നെ കാത്തിരിക്കുന്ന കുമ്പസാരക്കാരനിലൂടെ ദൈവസ്നേഹത്തിന്റെ ആഴങ്ങൾ ഞാൻ അനുഭവിച്ചറിഞ്ഞു.

എന്റെ ഡിഗ്രി പഠനം പൂർത്തിയാകാറായിരുന്നു. ഇതല്ല നിന്റെ വഴി, ഈശോ കാണിച്ച് തരുന്ന വഴിയിലേക്ക് നടക്കാനുള്ള ശക്തമായ ഉൾപ്രേരണ ആ നാളുകളിൽ ശക്തമായി. അപ്പച്ചൻ മരിച്ചു, ഇനി അമ്മച്ചിയെ നോക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. വൈദികനാകണമെന്ന ചിന്ത ഉത്തരവാദിത്വങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമാണോ എന്നൊക്കെ ആലോചിച്ച് ഈ ചിന്തകളിൽ നിന്ന് ഓടിയൊളിക്കാൻ ശ്രമിച്ചെങ്കിലും ഈ ചിന്ത മനസിൽ ശക്തമായി കടന്നുവരുവാൻ തുടങ്ങി. ഇനിയും ഈ ചിന്തകളെ ഒഴിവാക്കാൻ കഴിയില്ലെന്ന് തിരിച്ചറിഞ്ഞപ്പോൾ സിസ്റ്റർ ജെറോമിനോട് എന്റെ ആത്മസംഘർഷം പങ്കുവയ്ക്കാൻ തീരുമാനിച്ചു. ഹൃദയത്തിൽ മുഴങ്ങുന്ന മൃദുമന്ത്രണത്തിന് കാതോർക്കാൻ സിസ്റ്റർ എന്നോട് പറഞ്ഞു. പക്ഷേ വൈദികനാവണമെന്ന ആഗ്രഹം എന്റെ മനസിലില്ല എന്ന് ഞാൻ തീർത്തുപറഞ്ഞു. കർത്താവ് വിളിക്കുന്നതുകൊണ്ടല്ലേ ഈ ഒരു ചിന്ത മനസിൽ ശക്തമാവുന്നതെന്ന് സിസ്റ്റർ ചോദിച്ചു.

## ദൈവം നൽകിയ അടയാളം

കർത്താവിൽനിന്ന് ഒരടയാളം ചോദിക്കാൻ സിസ്റ്റർ പറഞ്ഞു. ദൈവവിളി ഉണ്ടെങ്കിൽ കർത്താവ് അടയാളം തരട്ടെ; എന്നാൽ മാത്രം അതെക്കുറിച്ച് ചിന്തിച്ചാൽ മതിയെന്നും പറഞ്ഞു. ചെറിയ അടയാളമല്ല നിനക്ക് ബോധ്യം വരുന്ന അടയാളം തന്നെ ചോദിക്കണമെന്നായിരുന്നു സിസ്റ്റർ നിർദേശിച്ചത്. അങ്ങനെ ഞാൻ അടയാളം ചോദിക്കാൻ തീരുമാനിച്ചു. ഈസ്റ്ററിന് ഒരുക്കമുള്ള നോമ്പ് തുടങ്ങിയിരുന്നു. ചോദിച്ച അടയാളം ഇതായിരുന്നു. ഞാൻ നിന്നെ അനുഗമിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ പെസഹാ വ്യാഴാഴ്ച്ചയിലെ കാൽകഴുകൽ ശുശ്രൂഷയ്ക്ക് എന്നെ തിരഞ്ഞെടുക്കണം. ഞങ്ങളുടെ ഇടവകയിൽ കാൽകഴുകൽ ശുശ്രൂഷയ്ക്ക് ഇടവക പെരുന്നാൾ നടത്തിയിട്ടുള്ള പ്രസുദേന്തിമാരെയും ഭക്ത സംഘടനകളുടെ ഭാരവാഹികളെയുമാണ് സാധാരണ തിരഞ്ഞെടുക്കുക. ഇതൊന്നുമല്ലാത്ത തീരെ ചെറുപ്പമായ എന്നെ തിരഞ്ഞെടുക്കില്ല എന്നയുറപ്പിൽ തന്നെയാണ് ആ അടയാളം ചോദിച്ചത്. അങ്ങനെ വിശുദ്ധവാരം വന്നെത്തി. വിശുദ്ധ വാരത്തിലെ ചൊവ്വാഴ്ചയും കടന്നുപോയി. കപ്യാരാണ് ഈ ശുശ്രൂഷയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്നവരെ അവരുടെ വീടുകളിലെത്തി വിവരം അറിയിക്കുന്നത്. ഇനി ഏതായാലും കപ്യാർ വരാൻ പോവുന്നില്ല. അതിനുള്ള സമയമൊക്കെ കഴിഞ്ഞു. അങ്ങനെ എനിക്ക് ദൈവവിളി ഇല്ല എന്ന തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നു. ഈസ്റ്ററിനുശേഷം സിസ്റ്റർ ജെറോമിനോട് ഇതെക്കുറിച്ച് സംസാരിക്കാമെന്ന് തീരുമാനിച്ചു.

പകൽസമയങ്ങളിൽ ഞാൻ എവിടെയാണ് പോകുന്നതെന്ന് അറിയാമോ?, സിസ്റ്റർ ചോദിച്ചു. നിന്റെ അപ്പച്ചനെ ചികിത്സിക്കുന്ന അതെ ഡോക്ടറാണ് എന്നെയും ചികിത്സിക്കുന്നത്. എനിക്ക് രക്താർബുദമാണ്. ഏതാനും മാസങ്ങളാണ് ഇനി അവശേഷിക്കുന്നതെന്ന് ഡോക്ടർ പറഞ്ഞിട്ടുണ്ട്. പക്ഷെ എനിക്ക് ദൈവത്തോട് പരാതിയില്ല.

ബുധനാഴ്ച്ച ഉച്ചഭക്ഷണത്തിന് മുമ്പായി അമ്മച്ചി സന്തോഷത്തോടെ ഓടിവന്ന് എന്നോട് പറഞ്ഞു. കപ്യാർ വന്നിരുന്നു, കാൽകഴുകൽ ശുശ്രൂഷയ്ക്ക് വികാരിയച്ചൻ നിന്നെ തിരഞ്ഞെടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ഹൃദയത്തിലൂടെ ഒരു മിന്നൽ പിണർ പാഞ്ഞുപോവുന്നതുപോലെ തോന്നി. കർത്താവ് പിറകെയുണ്ടെന്ന് ആദ്യമായി ഞാൻ തിരിച്ചറിഞ്ഞ നിമിഷമായിരുന്നു അത്. ഈസ്റ്ററിനുശേഷം സിസ്റ്റർ ജെറോമിനെ കണ്ടു. ഡിഗ്രി പഠന വേളയിൽ വിചാരിച്ചതുപോലെ മികവ് പുലർത്താതിരുന്നതിനാൽ ബിരുദാനന്തര ബിരുദത്തിന് അവസരം കിട്ടുമോ എന്നൊരു സംശയം ഉണ്ടായിരുന്നു. കർത്താവ് നൽകിയ അടയാളത്തെ വിശ്വാസത്തോടെ സ്വീകരിക്കാനും സെമിനാരിയിൽ ചേരാനുമുള്ള സിസ്റ്ററിന്റെ വാക്കുകൾക്ക് ചെവികൊടുത്ത് അങ്ങനെ സെമിനാരിയിൽ ചേരാൻ തീരുമാനിച്ചു.

## പിന്തിരിയാനുള്ള ആലോചന

യുവജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സലേഷ്യൻ സന്യാസ സഭയാവും ഏറ്റവും യോജിച്ചതെന്ന് പറഞ്ഞ് എന്നെ സലേഷ്യൻ സഭയിലേക്ക് നയിച്ചതും സിസ്റ്റർ ആയിരുന്നു. 2009-ൽ സഭയിൽ അംഗമായി. ഡിഗ്രി കഴിഞ്ഞ് ചേർന്നതുകൊണ്ട് എന്റെ തീരുമാനം ഉറച്ചതാണെന്ന് എല്ലാവരും കരുതി. എന്നാൽ എത്ര മാത്രം ദുർബലമായിരുന്നു എന്റെ അവസ്ഥയെന്ന് എനിക്ക് മാത്രമേ അറിയാമായിരുന്നുള്ളൂ. ആദ്യ വർഷങ്ങളിൽ ഞാൻ ഒഴുകുന്ന വെള്ളത്തിൽ കിടക്കുന്ന മരക്കഷണം പോലെയാണെന്ന് എനിക്ക് തോന്നി. സെമിനാരിയിൽ ചേർന്ന് മൂന്നാം വർഷം നോവിഷിയേറ്റിൽ പ്രവേശിച്ചു. ഇനി ഇങ്ങനെ മുന്നോട്ട് പോവാൻ പറ്റില്ലെന്ന് തീരുമാനിച്ചുറപ്പിച്ചു. നോവിസ് മാസ്റ്ററായ ജോയിസച്ചനോട് എല്ലാം തുറന്നുപറഞ്ഞു. കൂട്ടുകാരൊക്കെ രണ്ട് വർഷങ്ങൾക്കുള്ളിൽ ഒരുപാട് മുമ്പോട്ടുപോയിരിക്കുന്നു. അവരൊക്കെ നന്നായി പഠിക്കുന്നു. പാടാനും നൃത്തം ചെയ്യാനും അഭിനയിക്കാനും നന്നായി കളിക്കാനുമൊക്കെയുള്ള കഴിവുകൾ നേടി. എനിക്ക് മാത്രം ഒരു മാറ്റവുമില്ല. ഞാൻ ശരിയായ തീരുമാനമാണോ എടുത്തതെന്ന് സംശയമുണ്ട്. അങ്ങനെ അച്ചന്റെ മുന്നിൽ എന്റെ ജീവിതം ഞാൻ തുറന്നുവച്ചു.

നോവിഷിയേറ്റിന്റെ ഭാഗമായി പിന്നിട്ട ജീവിത വീഥിയിലേക്ക് തിരിഞ്ഞ് നോക്കുന്ന ഒരു ആത്മീയ പരിശീലനമുണ്ട്. അച്ചന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു: ഇസ്രായേൽ ജനം ഈജിപ്തിലായിരുന്നപ്പോൾ സംഭവിച്ച ദൈവിക ഇടപെടലുകൾ അവർ തിരിച്ചറിഞ്ഞിരുന്നില്ല. ചെങ്കടൽ കടന്നു മറുകരെ എത്തിയപ്പോഴാണ് ജീവിതത്തിലുണ്ടായ എല്ലാ അനുഭവങ്ങളിലും ദൈവത്തിന്റെ കരം ഉണ്ടായിരുന്നു എന്നവർക്ക് ബോധ്യമായത്. അച്ചന്റെ വാക്കുകൾ എന്നെ ആഴത്തിൽ സ്പർശിച്ചു. എന്റെ ജീവിതത്തിന്റെ പരാജയങ്ങളിൽ, വ്യക്തി ജീവിതത്തിലുണ്ടായ നഷ്ടങ്ങളിലൊക്കെ തന്റെ പദ്ധതിയിലേക്ക് എന്നെ നയിക്കാൻ ശ്രമിക്കുന്ന ദൈവത്തിന്റെ ഇടപെടലുകളെ ഞാൻ തിരിച്ചറിഞ്ഞു. അങ്ങനെ കൂടുതൽ തുറവിയോടെ ദൈവവിളി യാത്ര ഞാൻ തുടർന്നു.

ബുദ്ധിമുട്ടുകൾ പിന്നീടും ഉണ്ടായെങ്കിലും ദൈവവിളിയെക്കുറിച്ച് പിന്നീട് ഞാൻ സംശയിച്ചിട്ടില്ല. ദൈവം എന്നെ വഴി നടത്തി. ഒരുപാടുപേരുടെ പ്രാർത്ഥന എനിക്കു കരുത്തു പകർന്നു. തളർന്നപ്പോഴൊക്കെ താങ്ങായി, പ്രവാചക ശബ്ദമായി എന്നെ തിരുത്താൻ സിസ്റ്റർ ജെറോമും, ജീവിതം എനിക്കുവേണ്ടി ത്യാഗനിർഭരമായി അർപ്പിച്ച്, പ്രാർത്ഥനയുടെ കരങ്ങളുയർത്തി അമ്മച്ചിയും കൂടെയുണ്ടായിരുന്നു. 2021 ഡിസംബർ 27-ന് ഞാൻ പൗരോഹിത്യം സ്വീകരിച്ചു. മാസങ്ങൾ മാത്രം ആയുസ് ഡോക്ടർമാർ വിധിയെഴുതിയ സിസ്റ്റർ ജെറോം 15 വർഷങ്ങൾക്കിപ്പുറം ദൈവിക ശുശ്രൂഷയിൽ വ്യാപൃതയായിരിക്കുന്നു. ദുർബലനായ എന്നെ അൾത്താരയിലേക്ക് വഴി നടത്താനായിരുന്നു സിസ്റ്ററിന് ദൈവം ആയുരാരോഗ്യം നൽകിയത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതോടൊപ്പം, ദൈവം തന്റെ മുന്തിരി തോപ്പിൽ വേലയ്ക്കായി തിരഞ്ഞെടുക്കുന്ന യുവജനങ്ങളോട് ദൈവത്തിന്റെ മൃദുമന്ത്രണത്തിന് കാതോർക്കണമെന്ന് ധൈര്യപൂർവം പറയാനുമായിരിക്കും.